PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1964

Friday, the 6th March 1964.

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Friday, the 6th March 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The Number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Mr. Speaker : Questions and Answers. Question number 1. A similar question has already been answered.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: "ബി"ക്കു ഉത്തരം പറഞ്ഞാൽകൊള്ളാം. കൂടുതൽ വിവരങ്ങൾ കിട്ടിയിട്ടുണ്ടോ എന്നറിയണം.

പഞ്ചായത്തു തിരഞ്ഞെടുപ്പ്

* 561. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന പോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനടന്ന പഞ്ചായത്തു തിരഞ്ഞെടുപ്പുകൾക്കു് ആകെ ചെലവായ സംഖ്യ എത്ര;

(ബി) പഞ്ചായത്തു തിരഞ്ഞെടുപ്പിനെ തുടർന്നു് എത്ര തിരഞ്ഞെടുപ്പു ഹർജികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നു പറയാമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ): എ—ക്കും ബി-ക്കും ഉത്തരം വായിച്ചേക്കാം.

(എ) കൃിപ്തമായി തിട്ടപ്പെടുത്തിയിട്ടില്ല. ഉദ്ദേശം 12 ലക്ഷം രൂപാ വരുമെന്നു് പ്രതീക്ഷിക്കുന്നു.

(ബി) 29 ഇലക്ഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്നാണറിവു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ ഏതെങ്കിലും വിധിയായിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒന്നും വിധിയായിട്ടുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly